ഹയർ സെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം

FinA4/25631/2016/HSE

തീയതി: 05/04/2017

## സർക്കുലർ

സർ,

വിഷയം:- കെ.എ. എച്ച്.എസ്.എസ്(+2) ഇ.പി.എഫ് - ഡാറ്റ എൻട്രി - സംബന്ധിച്ച്

സൂചന:- 24/03/2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

എല്ലാ ജില്ലകളിലെയും എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ ജീവനക്കാരുടെ 2015-16 വരെയുള്ള ഗെയ്ൻ പി.എഫ്(പി.എഫ് ക്രെഡിറ്റ് & ഡെബിറ്റ്) സ്കൂൾ ലെവൽ എൻട്രിയുടെ 04/04/2017 വരെയുള്ള പ്രവർത്തന പുരോഗതി പരിശോധിച്ചതിൽ 649 സ്കൂളുകൾ 2015-16 വരെയുള്ള ഡാറ്റ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. 23 സ്കൂളുകൾ ഡാറ്റ എൻട്രി പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്. 23/04/2017 ന് ഗെയ്ൻ പി.എഫ് സൈറ്റിലെ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നത് ഒഴികെയുള്ള ബാക്കി എല്ലാ മെനുവും നിർത്തലാക്കുന്നതാണ്. ആയതിനാൽ ഡാറ്റ എൻട്രി പൂർത്തിയാക്കാത്ത സ്കൂളുകൾ ആയത് 23/04/2017 ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്.

ഏതാനും സ്കൂളുകൾ ഡാറ്റ എൻട്രി പൂർത്തീകരിച്ചതിനുശേഷം ഗെയ്ൻ പി.എഫിൽ അപ്‌ലോഡ് ചെയ്ത ഡേറ്റയുടെ പകർപ്പാണ് വെരിഫിക്കേഷനായി ലഭ്യമാക്കിയിരിക്കുന്നത്. അത്തരം പകർപ്പ് യാതൊരു കാരണവശാലും വേരിഫിക്കേഷന് സ്വീകരിക്കുന്നതല്ല. ബന്ധപ്പെട്ട ആർ.ഡി.ഡി കൗണ്ടർസൈൻ ചെയ്ത ഷെഡ്യൂളുകളുടെ പകർപ്പ് തന്നെയാണ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടത്. ഡാറ്റ എൻട്രി പൂർത്തിയാക്കിയിട്ടും ആവശ്യമായ രേഖകൾ ഹാജരാക്കാത്ത സ്കൂളുകൾ അവ ഒരാഴ്ചയ്ക്കകം ഡയറക്ടറേറ്റിൽ ഹാജരാക്കേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

**All RDDs**